# സത്യസരണിക്കു ശക്തിപകരുക

അഭിമാനകരമായ എട്ടര പതിറ്റാണ്ടിന്റെ പ്രവർത്തന നിറവിൽ സമസ്ത 85-ാം വാർഷികം ആഘോഷിക്കുകയാണ്. മുസ്‌ലിം കേരളത്തിന്റെ മഹിത പാരമ്പര്യങ്ങൾ ചോദ്യംചെയ്യപ്പെടുകയും പൈതൃകങ്ങൾ പരിഹസിക്കപ്പെടുകയും ചെയ്ത സങ്കീർണതയുടെ ഘട്ടത്തിലാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ രൂപീകൃതമായത്.

നബിതിരുമേനി(സ)യുടെ കാലത്തോളം എത്തുന്ന കേരള മുസ്‌ലിംകളുടെ പാരമ്പര്യം സുവിദിതമാണ്. ലോകോത്തരമായിത്തന്നെ മുസ്‌ലിം ചരിത്ര വായനയിൽ വേറിട്ട അധ്യായമാണ് കേരള മുസ്‌ലിംകളുടെ സാന്നിധ്യം കാണാനാവുന്നത്. പ്രവാചകരുടെ കാലത്ത് അറേബ്യൻ ഉപദ്വീപിനു പുറത്ത് അധികം വിദൂരമുള്ള രാജ്യങ്ങളിലേക്ക് ഇസ്‌ലാം കടന്നെത്തിയിരുന്നില്ലെങ്കിലും പൂർവകാല അറബികളുടെയും പശ്ചിമേഷ്യൻ രാജ്യങ്ങളുടെയും അതിപ്രാചീനമായ കേരളീയ ബന്ധത്തിന്റെ അനുഗൃഹീത തുടർച്ചയാണ് ഇസ്‌ലാമിക ആഗമനത്തിന്റെ സുവർണാവസരത്തിന് ഇവിടെ സാഹചര്യമൊരുക്കുന്നത്.

പ്രവാചകരിൽ നിന്ന് നേരിട്ട് വിശ്വാസവും ആദർശവും ആവാഹിച്ചെടുത്തവരിലൂടെ കേരളത്തിൽ ഇസ്‌ലാം പ്രചരിച്ചു എന്നത് സൂഫിവര്യന്മാർ, ത്വരീഖത്തിന്റെ മശാഇഖുമാർ എന്നിവരിലൂടെ ഇതിന് തുടർച്ച ഉണ്ടായി എന്നതും നമ്മുടെ ആദർശ വിശുദ്ധിയുടെ പ്രധാനഘടകമായി അനുവർത്തിച്ചിട്ടുണ്ട്. നൂറ്റാണ്ടുകളായി നിലനിന്ന ഈ ആദർശ മഹിമക്ക് മങ്ങലേൽപ്പിക്കാൻ ഗൂഢനീക്കങ്ങളിലൂടെ ശ്രമം നടന്നതും പാരമ്പര്യങ്ങളെ ചോദ്യം ചെയ്യാൻ ചിലർ തന്ത്രപൂർവം രംഗത്തുവന്നതുമാണ് 1925-26 കാലഘട്ടത്തിൽ നമ്മുടെ സയ്യിദുമാരെയും സാദാത്തീങ്ങളെയും പണ്ഡിത പ്രതിഭകളെയും പുതുമയും പ്രാധാന്യവുമുള്ളതിനോടൊപ്പം പ്രയാസമേറിയ ദൗത്യങ്ങളേറ്റെടുക്കാൻ പ്രേരിപ്പിക്കുന്നത്.

വരക്കൽ മുല്ലക്കോയ തങ്ങളുടെ അനുഗൃഹീത നേതൃത്വത്തിലുള്ള ശ്രേഷ്ഠ സംഘം തികച്ചും കാലികമായ സന്ദേശ കൈമാറ്റങ്ങളിലൂടെ സമൂഹത്തെ മുന്നോട്ടു നയിച്ചു. ഭൗതിക വിദ്യാഭ്യാസ ബോധവൽകരണമെന്ന വ്യാജേന ഐക്യസംഘക്കാർ നടത്തിയ കുതന്ത്രങ്ങളെ യുക്തിപൂർവം തിരിച്ചറിഞ്ഞ് ആശയപ്രചരണവും സമൂഹത്തിന്റെ ആദർശ സംരക്ഷണവും ഉറപ്പുവരുത്തി. സ്വഹാബാക്കളടക്കമുള്ള പൂർവീകരുടെ പാദയിൽ നിന്ന് സമൂഹത്തെ വ്യതിചലിപ്പിച്ച് ശാസ്ത്രീയ ചിന്താധാരകളിൽ മാത്രം മനസ്സു ലയിച്ച് അതിനനുസരിച്ച് മതത്തെ വികലമാക്കാൻ ശ്രമിച്ചവരെയും ആത്മീയതയുടെ പേരിൽ പല കാലങ്ങളിലായി രംഗത്തുവന്ന വ്യാജന്മാരെയും തൊലിയുരിച്ച് സമൂഹത്തിനു മുന്നിൽ പരിചയപ്പെടുത്തി 1951 വരേയുള്ള രണ്ടര ദശകം ആദർശപ്രതിരോധത്തിനുവേണ്ടി മാത്രം ഊർജവും വിഭവങ്ങളും ചിലവഴിച്ചു.

എട്ടര പതിറ്റാണ്ടു പിന്നിട്ട സമസ്തയുടെ മുന്നേറ്റത്തിനു തുടക്കം കുറിച്ചത് ഇങ്ങനെയൊക്കെയായിരുന്നു. 50കൾക്ക് ശേഷം പ്രസ്ഥാനിക പ്രവർത്തനത്തിലെ മറ്റൊരു പ്രധാന അജണ്ടയായി വിദ്യാഭ്യാസ മേഖല കടന്നുവന്നു. 50-വരെ സമസ്തയുടെ സമുന്നതരായ നേതാക്കൾ ഒറ്റപ്പെട്ട നിലയിൽ ലൗകിക വിദ്യാഭ്യാസത്തിന് ഇടം നൽകി സ്ഥാപനങ്ങൾ നടത്തിയിരുന്നെങ്കിലും 1951-ന് ശേഷമാണ് ഒരു പ്രാസ്ഥാനിക മുന്നേറ്റമായി ഇതു പരണമിച്ചത്. ആദ്യം പ്രാഥമിക മദ്റസകൾ, രണ്ടാമത് ഉന്നത ബിരുദ കോളേജുകൾ, മൂന്നാമത് ഉപരിപഠന സ്ഥാപനങ്ങൾ, നാലാമത് സമന്വയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അഞ്ചാമത് ഭൗതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിങ്ങനെ തികച്ചും കാലിക പ്രസക്തവും സമൂഹത്തിന്റെ നിറഞ്ഞ അനിവാര്യതകളായ വിദ്യാഭ്യാസ ഇടപെടലുകളാണ് സമസ്ത ഇതിനകം നടത്തിയത്.

നിഷ്കപടവും നന്മ നിറഞ്ഞതുമായ കർമ നൈരന്തര്യങ്ങളും ദീപ്തമായ അതിന്റെ ഗുണഫലങ്ങളുമാണ് സമസ്തയുടെ എട്ടര പതിറ്റാണ്ടിന്റെ നേട്ടം. അഭിമാനകരമായ അസ്തിത്വവും അനശ്വരമായ പ്രതിഫലവും ഉറപ്പുവരുത്തുന്ന, ഇവക്കുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ ത്യാഗമനുഭവിച്ചവർ നിരവധിയാണ്. സമുന്നതരായ നേതാക്കൾ മുതൽ പ്രസ്ഥാനത്തിന്റെ മജ്ജയും മാംസവുമായ സാധാരണ പ്രവർത്തകർ വരെ പരസഹസ്രം അതിലുണ്ട്.

മുസ്‌ലിം കൈരളിയുടെ പ്രൗഡി നിറഞ്ഞ സാന്നിധ്യത്തിന്റെ മുഖ്യഘടകം സമസ്ത തയെയാണ്. കൊട്ടും കുരവയുമെടുത്ത് ആർത്തുവിളിച്ചും പെരുമ്പറയടിച്ചും ശബ്ദഘോഷമുണ്ടാക്കിയും ജനശ്രദ്ധയാകർഷിക്കുകയും പൊങ്ങച്ചപ്രകടനങ്ങളിലുടെ പ്രവർത്തന മണ്ഡലം അർത്ഥമില്ലാതെ കൊഴുപ്പിക്കുന്ന പാരമ്പര്യവും സമസ്തക്കില്ല. നിശബ്ദമായ പ്രവർത്തനങ്ങളിലൂടെ നിസ്സീമമായ സേവനങ്ങൾ നാട്ടിനും നാട്ടാർക്കും നിർലോഭം നൽകുന്നതാണ് സമസ്തയുടെ പാരമ്പര്യം. പഴമയുടെ ഈ തനിയാവർത്തനവുമായിത്തന്നെയാണ് സംഘടന ഇനിയും മുന്നോട്ടു പോകുക. കാലഘട്ടത്തിന്റെ പുതിയ മാറ്റങ്ങൾ ഉൾക്കൊണ്ട് പാരമ്പര്യ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒട്ടേറെ പദ്ധതികൾ സമസ്തക്ക് നടപ്പിലാക്കാനുണ്ട്. ഒരു നൂറ്റാണ്ട് തികയുന്ന അടുത്ത ഒന്നര ദശാബ്ദത്തിനുള്ളിൽ ആ നിലക്കുള്ള ആസൂത്രണങ്ങളാണ് ആവിഷ്കരിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കട്ടെ.

**സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ, പാണക്കാട്.**